## മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

അക്കാദമികം- എൻ.എസ്.എസ് വോളണ്ടിയർമാരായ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് കോഴ്സ് കാലയളവിൽ എൻ.എസ്.എസ് പ്രവർത്തനങ്ങളിലേർപ്പെടുന്ന രണ്ട് വർഷങ്ങളിലും അർഹമായ ഗ്രേസ് ഗ്രേഡ് പോയിന്റ് അനുവദിക്കുന്നതിനുള്ള തീരുമാനം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 8 സെക്ഷൻ**

നമ്പർ. 1456/AC A 8/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 10.03.2020

---

*പരാമർശം:*-1) 16.04.2016-ലെ 2206/01/AcAVIII/2016 നമ്പർ സർവകലാശാലാ ഉത്തരവ്.
2) 05.07.2016-ലെ 3649/01/AcAVIII/2016 നമ്പർ സർവകലാശാലാ ഉത്തരവ്.
3) ശ്രീ.മുഹമ്മദ് അബ്ബാസ്.എസ്, റഹ്മാനിയ മൻസിൽ, മങ്ങാരം 22.11.2019-ൽ സമർപ്പിച്ച അപേക്ഷ.
4) 15.02.2020-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്ട്സ്.(ഇനം നമ്പർ. O.A. 18/20.01/46922)
5) 19.02.2020-ൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി - പരീക്ഷ - യോഗ നടപടിക്രമങ്ങളുടെ ചുരുക്കം.( ഇനം നമ്പർ. DDFS-46922/2019)

**ഉത്തരവ്**

എൻ.എസ്.എസ് വോളണ്ടിയർമാരായ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ രണ്ട് വർഷം എൻ.എസ്.എസ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ടെങ്കിലും രണ്ടാം വർഷത്തിലേക്ക് മാത്രമാണ് ഗ്രേസ് ഗ്രേഡ് പോയിന്റ് അനുവദിക്കുന്നത്. പരാമർശം (1) സർവകലാശാലാ ഉത്തരവിലെ I.16 മാർഗ്ഗനിർദ്ദേശം അനുസരിച്ചാണ് ഇത്. ടി ഉത്തരവിൽ ഭേദഗതി വരുത്തി രണ്ട് വർഷങ്ങളിലും ഗ്രേസ് ഗ്രേഡ് പോയിന്റ് അനുവദിക്കണം എന്ന് ശ്രീ. മുഹമ്മദ് അബ്ബാസ് എസ്. പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചു.

എൻ.എസ്.എസ് വോളണ്ടിയർമാരായ ബിരുദ വിദ്യാർത്ഥികൾക്ക് പരാമർശം (2) പ്രകാരം രണ്ട് വർഷങ്ങളിലേക്കും ഗ്രേസ് മാർക്ക് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ ആയത് ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും ബാധകമാക്കുന്നത് പരിഗണിക്കുന്നതിനായി സിൻഡിക്കേറ്റ് മുമ്പാകെ സമർപ്പിച്ചു.

15.02.2020-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം, പരാമർശം (4) പ്രകാരം, വിഷയം സിൻഡിക്കേറ്റിന്റെ പരീക്ഷാ ഉപസമിതിയുടെ പരിഗണനയ്ക്കും ശിപാർശകൾക്കുമായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു. 19.02.2020-ൽ കൂടിയ സിൻഡിക്കേറ്റ് പരീക്ഷ ഉപസമിതി യോഗം, പരാമർശം (5) പ്രകാരം, 'എൻ.എസ്.എസ് വോളണ്ടിയർമാരായ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് കോഴ്സ് കാലയളവിൽ എൻ.എസ്.എസ് പ്രവർത്തനങ്ങളിലേർപ്പെടുന്ന രണ്ട് വർഷങ്ങളിലും അർഹമായ ഗ്രേസ് ഗ്രേഡ് പോയിന്റ് അനുവദിക്കുന്നതിന് ശിപാർശ ചെയ്തു'. 1985-ലെ മഹാത്മാഗാന്ധി സർവകലാശാലാ ആക്ട്, അധ്യായം III.10(17) വകുപ്പ് പ്രകാരം വൈസ് ചാൻസലർ സിൻഡിക്കേറ്റ് പരീക്ഷ ഉപസമിതി ശിപാർശ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

പരാമർശം (1) സർവകലാശാലാ ഉത്തരവ് ഇതിനാൽ ഇത്രത്തോളം ഭേദഗതി ചെയ്തിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) ശ്രീ.മുഹമ്മദ് അബ്ബാസ് .എസ്, റഹ്മാനിയ മൻസിൽ, മങ്ങാരം
2) വൈസ് ചാൻസലറുടെ/ പ്രോ വൈസ് ചാൻസലറുടെ പി.എസ്
3) രജിസ്ട്രാറുടെ/പരീക്ഷ കൺട്രോളറുടെ പി.എ.
4) എ.ആർ/ ഡി.ആർ/ ജെ.ആർ (അക്കാദമിക്/ പരീക്ഷ).
5) സിസ്റ്റം അഡ്മിനിസ്ട്രേറ്റർ/ CETEX
6) എൻ.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ
7)ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനുകൾ
8) കണ്ടെന്റ് മാനേജ്മെന്റ് സെൽ (അപ്‌ലോഡ് ചെയ്യുന്നതിനായി)
9) ഐ.ക്യു.എ.സി/ റെക്കോർഡ്സ്/ എ.സി.സി I സെക്ഷൻ.
10) കരുതൽ ഫയൽ/ ഫയൽ പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 46922/AC A8/3/2019/ACAD Approved by ASSISTANT REGISTRAR II (ACADEMIC) on 10-Mar-2020 04:14 PM - Page 1
മഹാത്മാഗാന്ധി സർവകലാശാല, കേരളം